**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 404** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കളിലും വിദ്യാർത്ഥികളിലും ലഹരിമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതുമായ സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കുമോ; ഈ നടപടികൾ എത്രത്തോളം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | മയക്കുമരുന്ന് കടത്ത്, വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മയക്ക്മരുന്ന് കേസുകൾ കണ്ടെത്തുന്നതിനുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് നടപ്പിലാക്കിയിരുന്നു. ചെക്ക്പോസ്റ്റുകളിലെ വാഹന പരിശോധന കൂടാതെ ഹൈവേകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പട്രോളിംഗ് യൂണിറ്റുകളും ജില്ലാ താലൂക്ക് തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. പോലീസ്, വനം വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് വകുപ്പുകളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സംയുക്ത വാഹനപരിശോധനകളും, ആർ.പി.എഫുമായി ചേർന്ന് ട്രെയിനുകളിലും, റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തി വരുന്നുണ്ട്. സ്പെഷ്യൽ ഡ്രൈവ് സമയങ്ങളിൽ കോസ്റ്റ് ഗാർഡിന്റെ സഹായത്തോടുകൂടി തീരപ്രദേശങ്ങളിലും കടലിലും പട്രോളിംഗ് നടത്താറുണ്ട്.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും മയക്കുമരുന്ന് കടത്തുവാൻ സാധ്യതയുള്ള മറ്റ് മേഖലകളിലും രഹസ്യ നിരീക്ഷണം നടത്തി നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമനടപടികൾ സ്വീകരിച്ച് വരുന്നു. എൻ.ഡി.പി.എസ് കേസുകളിലെ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുവാൻ സാധ്യതയുള്ളവരെ |

| | | | |
|---|---|---|---|
| | | | കരുതൽ തടങ്കലിൽ പാർപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നു.<br><br>എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടാതെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ലഹരിക്കെതിരെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, വാർഡുതലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. ടി സമിതികൾ മുഖേന ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗം ഡീ-അഡിക്ഷൻ ചികിത്സയും നൽകിവരുന്നു.<br><br>സമൂഹത്തിൽ പ്രത്യേകിച്ച് യുവാക്കളിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഹരിക്കെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും അണിനിരത്തി സംസ്ഥാനത്തൊട്ടാകെ 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരിക്കെതിരെ പ്രചരണപരിപാടി സംഘടിപ്പിച്ചിരുന്നു. ഒന്നാംഘട്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ തുടർന്ന് ലഹരി വ്യാപനം തടയുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനം 2022നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി. മേൽ പ്രവർത്തനങ്ങളുടെ ഫലമായി മയക്കുമരുന്നിന്റെ ദുരുപയോഗം ഒരു പരിധിവരെ തടയുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുവാനും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിന് സ്കൂളുകളിൽ 'ഉണർവ്വ് എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന് |

| | | | |
|---|---|---|---|
| | | | കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരെ പ്രവർത്തിക്കുന്നുണ്ട്. മയക്കുമരുന്ന കേസുകളിൽ ഉൾപ്പെട്ട ചെറുപ്പക്കാർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക പോകാതിരിക്കുവാൻ അവർക്ക കൗൺസിലിംഗും ചികിത്സയും നൽകി വരുന്നു സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിന സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക നിംഹാൻസ് മുഖേന പരിശീലനം നൽകി കൗൺസിലിംഗ് സേവനം ലഭ്യമാക്കി വരുന്നുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി അഡീക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി അഡീക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം എറണാകുളം കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു.<br><br>സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.ടിയും എക്സൈസ് വകുപ്പും വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | ചെറിയ അളവിൽ ലഹരി വസ്തുക്കളുമായി പിടിക്കപ്പെടുന്നവർക്ക് നിലവിലെ നിയമ പ്രകാരം വേണ്ടത്ര ശിക്ഷ ലഭിക്കാത്തത് ലഹരിവസ്തുക്കളുടെ കടത്ത് വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും മയക്കുമരുന്ന് കേസുകളിൽ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്. ആയത് പരിഹരിക്കുന്നതിനും മയക്കുമരുന്ന് കേസുകളിൽ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും വേണ്ടി നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഇ) | ലഹരി വസ്തുക്കളുടെ വേട്ടയ്ക്കായി രൂപീകരിച്ച സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ